INDIAN SCHOOL AL WADI AL KABIR

| CLASS: X | DEPARTMENT: MALAYALAM | DATE: 22/08/2023 |
|---|---|---|
| Class Note | Lesson: യുദ്ധത്തിൻെറ പരിണാമം | Topic: OTQ & Descriptive |

## യുദ്ധത്തിൻെറ പരിണാമം

1. ***പര്യായപദങ്ങൾ*** : യുദ്ധം: അടർ, രണം, സമരം/ ആയുധം: ശസ്ത്രം, പ്രഹരണം/ സൂതൻ: തേരാളി, സാരഥി, ക്ഷത്താവ്/ കുതിര: അശ്വം, വാജി, തുരഗം/ ദിവസം: ദിനം, വാസരം, അഹസ്സ്/ ദുര്യോധനൻ: സുയോധനൻ, നാഗകേതനൻ, നാഗദ്ധ്വജൻ/ പാമ്പ് : അഹി, സർപ്പം, ഫണി/ ഭീമൻ: വൃകോദരൻ, മാരുതി, വായുസുതൻ/ രാജാവ് : മന്നൻ, നൃപൻ, അരചൻ/ ഭർത്താവ്: പതി, കാന്തൻ, ധവൻ/ ഭാര്യ: പത്നി, കാന്ത, കളത്രം

2. ***അർത്ഥവ്യത്യാസം*** : പരിണാമം=മാറ്റം പരിമാണം=അളവ്/ പ്രമാദം=അബദ്ധം പ്രമദം=സന്തോഷം പ്രമോദം=സന്തോഷം/ പ്രമാണം=നിയമം പ്രണാമം=നമസ്കാരം/ പ്രഭാവം=മഹത്ത്വം പ്രഭവം=ഉദ്ഭവം/ സൂതൻ=തേരാളി സുതൻ=പുത്രൻ/ അനർഘം= അമൂല്യം അനർഹം= അർഹതയില്ലാത്ത

3. ***നാനാർത്ഥം*** : പ്രമാദം= അബദ്ധം, ഓർമ്മക്കേട്, /അണി= നിര, കൂട്ടം, സേനാവിന്യാസം/ പക്ഷം=അഭിപ്രായം, വശം, ചിറക്/ മാനം= ആകാശം, അഭിമാനം/ വിധി=ഉത്തരവ്, ദൈവനിശ്ചയം/ മണി= രത്നം, നാഴികമണി, വിത്ത്

4. ***വിപരീതപദം:*** പ്രീതി X അപ്രീതി/ ഉപദ്രവം X നിരുപദ്രവം, ഉപകാരം/സ്വന്തം X അന്യം/ബഹുമാനം X അപമാനം/ ആദരണീയം X അനാദരണീയം/ പ്രഭാതം X പ്രദോഷം/ സുകൃതം X ദുഷ്കൃതം/സജ്ജനം X ദുർജ്ജനം/സുലഭം X ദുർലഭം

5. ***എതിർലിംഗം*** : ആചാര്യൻ - ആചാര്യ/ നേതാവ് - നേത്രി/ ചപലൻ - ചപല/ ഭഗവാൻ- ഭഗവതി.

6. ***പിരിച്ചെഴുതുക*** : ഗജാശ്വം= ഗജ + അശ്വം/ വീര്യോത്സാഹം= വീര്യ+ ഉത്സാഹം / കാലാൾ= കാല്+ആൾ/ കാൽ+ആൾ/ പിന്തിരിഞ്ഞ് = പിൻ+തിരിഞ്ഞ് / പടക്കളം= പട+ കളം/ കോപാശ്രു= കോപ+ അശ്രു/ സജ്ജനം= സത്+ ജനം/ തോറ്റോടി= തോറ്റ്+ഓടി / യുദ്ധത്തിൽ= യുദ്ധം+ഇൽ/ അയാളെ= അയാൾ+ എ/ ഹൃദയോന്നതി =ഹൃദയ+ ഉന്നതി / പ്രതാപത്തോടെ= പ്രതാപം+ഓടെ / എതിരാളി=എതിര്+ആളി, എതിർ+ ആളി /

7. ***വിഗ്രഹിക്കുക*** : ഭാരതയുദ്ധം= ഭാരതം എന്ന യുദ്ധം / ധർമ്മക്ഷേത്രം= ധർമ്മം

പാലിക്കുന്ന ക്ഷേത്രം / ഗജാശ്വം= ഗജവും അശ്വവും / വീര്യോത്സാഹം = വീര്യവും ഉത്സാഹവും / പാണ്ഡവപക്ഷം = പാണ്ഡവന്മാരുടെ പക്ഷം / ജയഘോഷം = ജയത്താലുള്ള ഘോഷം / കോപാശ്രു = കോപത്താലുള്ള അശ്രു / കടുംകൈ= കടുത്ത കൈ/ സജ്ജനം= നല്ല ജനം/ ശാശ്വതലോകം= ശാശ്വതമായ ലോകം / യുദ്ധശ്രാന്തൻ= യുദ്ധത്താൽ ശ്രാന്തൻ / ദ്രൗണി= ദ്രോണരുടെ പുത്രൻ= അശ്വത്ഥാമാവ് /

***8. ഉത്തരം എഴുതുക.***

*1. ഭാരതയുദ്ധം തുടങ്ങിയപ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ഉണ്ടാക്കിയ കരാർ എന്തെല്ലാമായിരുന്നു? / "ചുരുക്കത്തിൽ എതിരാളിയുടെ കുറവുകൊണ്ടല്ല, സ്വന്തം മികവുകൊണ്ടു തന്നെ ജയിക്കാൻ നോക്കണമെന്നർത്ഥം - കുറ്റമറ്റ ധർമ്മയുദ്ധം" ഗ്രന്ഥകർത്താവ് ഇങ്ങനെ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?*

Page 70, paragraph 1 "യുദ്ധം നടക്കാത്ത സമയങ്ങളിൽ....... കുറ്റമറ്റ ധർമ്മയുദ്ധം"

2. *"ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു കഴിയും" സന്ദർഭമെഴുതി വിശദീകരിക്കുക*

'ഭാരതപര്യടനം' എന്ന കൃതിയിൽ കുട്ടികൃഷ്ണമാരാർ പടക്കളത്തിൽ ഭീമൻെറ അടിയേറ്റ് മരിക്കാൻ തുടങ്ങുന്ന ദുര്യോധനൻ സഞ്ജയനോടും മറ്റുള്ളവരോടും അവസാനമായി പറയുന്ന വാക്കുകളെ അപഗ്രഥനം ചെയ്യുന്നതാണ് സന്ദർഭം. വീണു കിടക്കുന്ന ദുര്യോധനൻ തൻെറ വിധിയെയും പാണ്ഡവരുടെ അധർമ്മത്തെയും പഴിക്കുന്നു. ആ അവസ്ഥയിലും സ്വന്തം മാതാപിതാക്കളെയും സഹോദരിയെയും കുറിച്ച് ചിന്തിക്കാൻ അയാൾ മറക്കുന്നില്ല. ഭർത്താവും സഹോദരന്മാരും മരിച്ച ദുശ്ശളയുടെയും എല്ലാം നഷ്ടപ്പെട്ട മാതാപിതാക്കളുടെയും സ്ഥിതിയെക്കുറിച്ച് ഓർക്കുമ്പോൾ അയാളുടെ ഹൃദയം കരുണാർദ്രമാകുന്നു. ഇതു കാണുമ്പോഴാണ് ആ ഹൃദയോന്നതിക്കു മുമ്പിൽ ആർക്കാണ് ഒരിറ്റു കണ്ണുനീർ തൂകാതിരിക്കാൻ കഴിയുക എന്ന് കുട്ടികൃഷ്ണമാരാർ ചിന്തിക്കുന്നത്.

3. *'ഭാരതമാകട്ടെ, നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണ്' എന്ന് കുട്ടികൃഷ്ണമാരാർ സമർത്ഥിക്കുന്നത് എങ്ങനെ?*

ഭീഷ്മരുടെ നേതൃത്വത്തിൽ ധർമ്മവ്യവസ്ഥകളോടെ ആരംഭിച്ച മഹാഭാരതയുദ്ധം പതിനെട്ടാം ദിവസം രാത്രി ഒടുക്കത്തെ സേനാപതിയായ അശ്വത്ഥാമാവ് നടത്തിയ അറുംകൊലയിലാണ് അവസാനിച്ചത്. യുദ്ധത്തിൻെറ എല്ലാ ഘട്ടത്തിലും ഇരുപക്ഷവും അധർമ്മത്തിലൂടെ വിജയം നേടാൻ ശ്രമിച്ചു. എല്ലാ യുദ്ധവും ഏതു പേരിലും വ്യവസ്ഥയിലും

തുടങ്ങിയാലും അവസാനം ഇങ്ങനെയൊക്കെത്തന്നെയായിരിക്കും എന്ന മുന്നറിയിപ്പാണ് ഇതിലൂടെ ഇതിഹാസകർത്താവു നൽകുന്നത്. ഇങ്ങനെ നോക്കുമ്പോൾ മഹാഭാരതം നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്നു പറയാം.

4. *തനിക്ക് സ്വർഗ്ഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിക്കുന്നത് എന്തുകൊണ്ട്?*

മഹാഭാരതയുദ്ധത്തിൻെറ അവസാനം ഭീമൻ ദുര്യോധനനെ ചതിപ്രയോഗത്തിലൂടെ തുടയ്ക്കടിച്ച് വീഴ്ത്തി. ധർമ്മമനുസരിച്ചല്ല, മുറ തെറ്റിച്ചാണ് ഭീമൻ തന്നെ വീഴ്ത്തിയതെന്നും പാണ്ഡവർ യുദ്ധം ജയിച്ചതെന്നും ദുര്യോധനൻ മരണാവസ്ഥയിൽ കിടന്നുകൊണ്ട് പറയുന്നു. കൃഷ്ണൻെറ പ്രഭാവമറിയാമായിട്ടും താൻ ക്ഷത്രിയധർമ്മത്തിൽ നിന്ന് മാറിയില്ല. മാതാപിതാക്കളുടെയും ബന്ധുക്കളുടെയും ജനങ്ങളുടെയും ക്ഷേമമനുസരിച്ച് പ്രവർത്തിച്ച് ധർമ്മാധിഷ്ഠിതമായ ഒരു ജീവിതമാണ് താൻ നയിച്ചത്. മാത്രമല്ല തൻെറ അന്ത്യം പുണ്യപ്രദവും ത്രൈലോക്യപ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽ കിടന്നാണ്. ഇതെല്ലാം കൊണ്ടാണ് തനിക്ക് സ്വർഗ്ഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിക്കുന്നത്.

5. *''അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിനർത്ഥം'' വിശദീകരിക്കുക*

'ഭാരതപര്യടനം' എന്ന കൃതിയിൽ കുട്ടികൃഷ്ണമാരാർ മഹാഭാരതത്തിൽ വ്യാസൻ അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കല്പിച്ചതിൻെറ ഉദ്ദേശ്യം വിവരിക്കുന്ന സന്ദർഭമാണിത്. സാർവകാലികമായ മാനുഷികഭാവങ്ങളെ പ്രതീകാത്മകമായി അവതരിപ്പിച്ചിരിക്കുന്ന കൃതിയാണ് മഹാഭാരതം. പകയുടെ, ക്രൂരതയുടെ പ്രതീകമായാണ് അശ്വത്ഥാമാവിനെ വ്യാസൻ സങ്കല്പിക്കുന്നത്. അനുകൂല സാഹചര്യത്തിൽ ഭീഷണമായി ഉണർന്നെഴുന്നേൽക്കാവുന്ന രൂപത്തിൽ ഈ വികാരം എല്ലാ മനുഷ്യരിലും കുടികൊള്ളുന്നു. മനുഷ്യനുള്ളിടത്തോളം കാലം അത് ലോകത്തിൽ നിലനിൽക്കുകയും ചെയ്യും. അതുകൊണ്ട് 'സൂക്ഷിക്കുക, അതു നിങ്ങളെ നശിപ്പിക്കും' എന്ന മുന്നറിയിപ്പാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമാക്കുന്നതിലൂടെ ഇതിഹാസകർത്താവ് അർത്ഥമാക്കുന്നത് എന്നാണ് കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെടുന്നത്.

***